**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1194** **04-07-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ എടപ്പറമ്പ-കോളിച്ചാൽ ഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ എടപ്പറമ്പ-കോളിച്ചാൽ ഭാഗം എത്ര കിലോമീറ്ററാണ് വനത്തിലൂടെ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേയുടെ എടപ്പറമ്പ മുതൽ കോളിച്ചാൽ ഭാഗത്തിന്റെ ആകെ നീളം 24.400 കി.മി. ആണ്. പ്രസ്തുത റോഡ് 3.61 കി.മി. ഭാഗമാണ് വനത്തിലൂടെ കടന്നു പോകുന്നത്. |
| (ബി) | വനത്തിലൂടെ കടന്നുപോകുന്ന ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് വനംവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വന ഭൂമിയിലൂടെ കടന്നുപോകുന്ന ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് വനം വകുപ്പിൽ നിന്ന് ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. വനം വകുപ്പിൽ നിന്ന് അനുമതി ലഭ്യമാവുന്നതിന് 4.332 ഹെക്ടർ വിസ്തീർണ്ണത്തിൽ കോമ്പൻസേറ്ററി ലാന്റ് വനം വകുപ്പിന് കൈമാറേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ വനം വകുപ്പിന് കൈമാറേണ്ടതായ പകരം ഭൂമി കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ കമ്മാടംകാവ് എന്ന സ്ഥലത്ത് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ; | (സി) | എടപ്പറമ്പ – കോളിച്ചാൽ വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി, 23/08/2018 ലാണ് ആരംഭിച്ചത്. ഇതിൽ 3.610 കി.മി. നീളത്തിലുള്ള വന ഭൂമിയും പുനർ നിർമ്മിക്കേണ്ട കാവുങ്കാല് പാലവും അപ്രോച്ച് റോഡും ഉൾപ്പെടെയുള്ള 1.220 കി.മി. ഭാഗവും ഒഴികെയുള്ള മറ്റു ഭാഗങ്ങളിൽ മലയോര ഹൈവേയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (ഡി) | വർഷങ്ങൾ കഴിഞ്ഞിട്ടും വനംവകുപ്പിന്റെ അനുമതി കിട്ടാത്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി., റവന്യൂ വനം എന്നീ വകുപ്പുകളുടെ ഉന്നതതല യോഗം വിളിച്ച് ചേർത്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ